TUESDAY 10/03/2026 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor: SINDHU. K S Editor: Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 10/03/2026

1. സംസ്ഥാനത്തിലെ കാർഷിക സേവനങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമായി നടത്തുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡിജിറ്റൽ സംവിധാനങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട സേവനങ്ങൾ 2026 മാർച്ച് 15 മുതൽ എയിംസ് (AIMS) 2.0 പോർട്ടലിലേക്ക് മാറ്റുന്നു. പുതിയ പോർട്ടൽ aimsnew.kerala.gov.in എന്ന വിലാസത്തിലാണ് ലഭ്യമാകുക. 2026 മാർച്ച് 15 മുതൽ സമർപ്പിക്കുന്ന എല്ലാ പുതിയ വിള ഇൻഷുറൻസ് അപേക്ഷകളും AIMS 2.0 പോർട്ടൽ വഴിയാണ് സ്വീകരിക്കുക. പുതിയ സംവിധാനത്തിൽ ഇൻഷുറൻസ് അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് കർഷകർ നോമിനിയുടെ വിവരങ്ങൾ (പേര്, ബന്ധം, തിരിച്ചറിയൽ രേഖകൾ) പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്. നിലവിൽ AIMS 1.0 പോർട്ടൽ വഴി ഇൻഷുറൻസ് പോളിസി എടുത്തിട്ടുള്ള കർഷകർക്ക് വിളനാശം സംഭവിക്കുന്ന സാഹചര്യത്തിൽ നഷ്ടപരിഹാരത്തിനുള്ള അപേക്ഷകൾ AIMS 2.0 പോർട്ടൽ വഴി സമർപ്പിക്കാവുന്നതാണ്. എന്നാൽ 2026 മാർച്ച്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

14 വരെ AIMS 1.0 പോർട്ടലിൽ അനുകൂല്യത്തിനായി സമർപ്പിച്ച അപേക്ഷകളുടെ തുടർ നടപടികൾ അതേ പോർട്ടലിൽ തന്നെ പൂർത്തിയാക്കുന്നതായിരിക്കും. വിള ഇൻഷുറൻസ് പ്രീമിയം നിരക്കുകളിലും അപേക്ഷ സമർപ്പിക്കേണ്ട സമയപരിധിയിലും മാറ്റമില്ല. ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനായി കർഷകർ നിർബന്ധമായും പുതിയ പോർട്ടലിൽ നോമിനി വിവരങ്ങൾ മുൻകൂട്ടി അപ്ഡേറ്റ് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും സാങ്കേതിക സഹായത്തിനുമായി കർഷകർക്ക് അവരവരുടെ പരിധിയിലുള്ള കൃഷിഭവനുമായി ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടി

2. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "ഹൈടെക് കൃഷി" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈന് കോഴ്സിന്റെ പുതിയ ബാച്ച് **2026 മാർച്ച് 26** ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in/elearning/reg.php എന്ന ലിങ്കിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റര് ചെയ്യാം. ഏപ്രിൽ 4 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 25 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പതിനൊന്ന് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു.MOOCപ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ് . ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റ് നൽകുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് **മാർച്ച് 26** മുതൽ യുസര് ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0487-2438566.

3. കൊല്ലം ജില്ലയിലെ കൊട്ടിയം മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2026 മാർച്ച് 11ന് രാവിലെ 10 മുതൽ വൈകിട്ട് 5 വരെ "പോത്ത് കുട്ടി പരിപാലനം" എന്ന വിഷയത്തിൽ ഒരു ഏകദിന പരിശീലനപരിപാടി നടത്തപ്പെടുന്നു. പരിശീലനപരിപാടിയിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 9447525485 എന്ന നമ്പരിൽ ഓഫീസ് പ്രവർത്തി സമയങ്ങളിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചെയ്യേണ്ടതാണ്. മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്തവർക്ക് മാത്രമേ പരിശീലനപരിപാടിയിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ .

4. റബ്ബർ ബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ .ആർ.റ്റി. 2026 മാർച്ച് 17, 18 തീയതികളിൽ രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 12.30 വരെ റബ്ബറുത്പന്ന നിർമാണത്തിൽ ഓൺലൈൻ ആയി പരിശീലനം നൽകുന്നു. പരിശീലന മാധ്യമം മലയാളം ആയിരിക്കും. ഇതുസംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9497487209 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക. ഇ മെയിൽ training@rubberboard.org.in

## കാർഷിക നിർദേശം

വേനൽക്കാലത്ത് മേൽമണ്ണ് ചെറുതായി ഇളക്കിയിടുന്നത് ബാഷ്പീകരണ തോത് കുറയ്ക്കാനും ജല ആഗിരണ ശേഷി വർധിപ്പിക്കുന്നതിനും സഹായിക്കും.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിളകൾക്ക് ജൈവ രീതിയിൽ പുതയിടുന്നത് വരൾച്ചയെ ഒരു പരിധിവരെ ചെറുക്കാനും സഹായകമാകും.

ദൈനംദിന താപനില കൂടിവരുന്ന സാഹചര്യത്തിൽ രാവിലെ 11 മണി മുതൽ വൈകിട്ട് 3 മണി വരെയുള്ള സമയത്ത് കാർഷിക പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്നവർ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കുക.

വൃക്ഷ തൈകൾ, പച്ചക്കറി തൈകൾ തുടങ്ങിയവയ്ക്ക് തെങ്ങോല ഉപയോഗിച്ച് തണൽ നൽകുക.

റബ്ബർ,കവുങ്ങ്, തെങ്ങ് തുടങ്ങിയ വൃക്ഷ വിളകളുടെ തായ്ത്തടിയിൽ കുമ്മായം പൂശി സൂര്യാഘാതത്തിൽ നിന്നും സംരക്ഷിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം